## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2315
## 12-06-2018 - ലെ മറുപടിക്ക്

## മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

| ചോദ്യം<br><br>**ശ്രീ.ടി.എ.അഹമ്മദ് കബീർ** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി)** |
|---|---|
| എ) മങ്കട നിയോജക മണ്ഡലത്തിലെ 2017-18 ലെ,എം.എൽ.എ.യുടെ വികസന ഫണ്ട്(എൽ.എ.സി. എ.ഡി.എഫ്, എസ്.ഡി.എഫ് എന്നിവ)മുഖേന ചേയ്യേണ്ട പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ; | മങ്കട നിയോജകമണ്ഡലം എം.എൽ.എ ശ്രീ. ടി.എ.അഹമ്മദ് കബീർ, എൽ.എ.സി-എ.ഡി.എസ്-ൽ ഉൾപ്പെടുത്തി 2017-18 ൽ 18 പ്രവൃത്തികളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയതിൽ 11 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 4 പ്രവൃത്തികളിൽ കരാറുടമ്പടി ഒപ്പ് വെച്ചു. 2 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചു. 2 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചു. 2 പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകി, ഒരെണ്ണം ആരംഭിച്ചിട്ടില്ല. 6 പ്രവൃത്തികൾക്ക് ഡി.പി.ആർ ലഭിക്കാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. ഒരു പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമം പൂർത്തീകരിച്ച് വരികയാണ്.<br><br>പ്രാദേശിക വികസന നിധിയിൽ (എസ്.ഡി.എഫ്) ഉൾപ്പെടുത്തി 46 പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. അതിൽ 41 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികളുടെ അവസ്ഥയും വ്യക്തമാക്കാമോ; | എൽ.എ.സി - എ.ഡി.എസ്-മായി ബന്ധപ്പെട്ട വിവരങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.<br><br>എസ്.ഡി.എഫിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ആറ് മാസ കാലയളവിനുള്ളിൽ പൂർത്തീകരിക്കുവാൻ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഉടൻ തന്നെ സമർപ്പിക്കുവാനും എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) നാളിതുവരെ ഭരണാനുമതി നൽകാത്ത മേൽ സ്കീമുകളിലെ പദ്ധതികൾക്ക് നിശ്ചിത സമയത്തിനുള്ളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ഡി.പി.ആർ ലഭിക്കുന്ന മുറയ്ക്ക് നിശ്ചിത സമയത്തിനകം ഭരണാനുമതി നൽകാറുണ്ട്. പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

## മങ്കട നിയോജക മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽ 2017-18 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ വിവരം

**എം.എൽ.എ : ശ്രീ. ടി.എ. അഹമ്മദ് കബീർ**

**ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|
| 1 | മക്കരപ്പറമ്പ് ഗവ.ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് വേണ്ടി തയ്യാറാക്കിയ 5.09 കോടി രൂപയുടെ പദ്ധതിയിൽ സർക്കാർ വിഹിതമായ 5 കോടിയോടൊപ്പം അനുവദിക്കുന്ന എം.എൽ,.എ വിഹിതം. | 9.00 | ഭരണാനുമതി നൽകി |
| 2 | മക്കരപ്പറമ്പ് പഞ്ചായത്തിലെ ഏഴാം വാർഡിൽ വടക്കാങ്ങര ഭാഗത്ത് വലിയ തോടിനു കുറുകെ വിസിബി പുനർ നിർമ്മിക്കുന്നത് | 20.00 | ഭരണാനുമതി നൽകി കരാറുടമ്പടി ഒപ്പുവെച്ചു |
| 3 | കോഴിക്കോട്ടുപ്പറമ്പ് മിനി സ്റ്റേഡിയം - മങ്കട ഗ്രാമപഞ്ചായത്ത് | 15.00 | ഭരണാനുമതി നൽകി, ടെണ്ടർ ക്ഷണിച്ചു |
| 4 | തങ്കയത്തിൽ പൊട്ടംകളം ചോല സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികൾ - മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 15.00 | ഭരണാനുമതി നൽകി, ടി.എസ് അനുവദിച്ചു |
| 5 | മേലതിൽ പടി മുട്ടകരി ആലക്കടവ് റോഡ് - മൂർക്കനാട് ഗ്രാമ പഞ്ചായത്ത് | 10.00 | ഭരണാനുമതി നൽകി കരാറുടമ്പടി ഒപ്പുവെച്ചു |
| 6 | പത്തിനിപ്പാറ — വെള്ളക്കാട് റോഡ് നിർമ്മാണം മൂർക്കനാട് ഗ്രാമ പഞ്ചായത്ത് | 10.00 | ഭരണാനുമതി നൽകി കരാറുടമ്പടി ഒപ്പുവെച്ചു |
| 7 | ഉങ്ങുംമ്പറ്റ — അനിയം പുറം റോഡ് നിർമ്മാണം - മൂർക്കനാട്ട് ഗ്രാമപഞ്ചായത്ത് | 30.00 | ഭരണാനുമതി നൽകി, ടെണ്ടർ ക്ഷണിച്ചു |
| 8 | പുഴക്കാട്ടിരി പഞ്ചായത്തിലെ 4,8,9,12,13,16 എന്നീ വാർഡുകളിൽ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടൽ | 26.00 | ഭരണാനുമതി നൽകി, ടി.എസ് അനുവദിച്ചു |
| 9 | പുത്തനങ്ങാടി ചോലയിൽ കളമ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ - അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് | 15.00 | ഭരണാനുമതി നൽകി, വർക്ക് ഓർഡർ അനുവദിച്ചു |
| 10 | കുറുവ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - പമ്പിങ്ങ് മെയിൻ (2016-17) ഭരണാനുമതി ലഭിച്ച പ്രകാരം ബാലൻസ് തുക ) കുറുവ ഗ്രാമ പഞ്ചായത്ത് | 34.00 | ഭരണാനുമതി നൽകി, വർക്ക് ഓർഡർ അനുവദിച്ചു |
| 11 | കൂട്ടിലങ്ങാടി പാറടി - ചേല്ലൂർ പെരിന്താരിറ്റി റോഡ് - കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത് | 50.00 | ഭരണാനുമതി നൽകി കരാറുടമ്പടി ഒപ്പുവെച്ചു |

## ഭരണാനുമതി നൽകാൻ ബാക്കിയുള്ള പ്രവൃത്തികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|
| 1 | മങ്കട നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് | 75.78 | ഡി.പി.ആർ ലഭിച്ചിട്ടില്ല |
| 2 | മങ്കട നിയോജക മണ്ഡലത്തിലെ പാങ്ങ് ജി.യു.പി, പനങ്ങാങ്ങര ജി.എൽ.പി, മങ്കട ജി.എൽ.പി എന്നീ മൂന്നു സ്കൂളുകളിൽ അടിസ്ഥാന വികസനം | 99.01 | ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമം പൂർത്തീകരിച്ചു വരുന്നു |
| 3 | കൂനം മുച്ചിക്കൽ കടന്നമണ്ണ വഴിക്കടവ് എന്നിവിടങ്ങളിൽ കുടിവെള്ളപദ്ധതി -മങ്കട ഗ്രാമ പഞ്ചായത്ത് | 20.00 | ഡി.പി.ആർ ലഭിച്ചിട്ടില്ല |
| 4 | കോട്ടക്കുന്ന് കുടിവെള്ള പദ്ധതി -മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 15.00 | ഡി.പി.ആർ ലഭിച്ചിട്ടില്ല |
| 5 | തങ്ങൾതൊടി പാലം - മങ്കട ഗ്രാമപഞ്ചായത്ത് | 15.00 | ഡി.പി.ആർ ലഭിച്ചിട്ടില്ല |
| 6 | അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിലെ പാറമ്മൽ, വലമ്പൂർപുപ്പലം എന്നിവിടങ്ങളിൽ കുടിവെള്ളപദ്ധതി നടപ്പിലാക്കൽ | 40.00 | ഡി.പി.ആർ ലഭിച്ചിട്ടില്ല |
| 7 | മങ്കട ഗവ. ആർട്ട്സ് & സയൻസ് കോളേജിന് ഒരു മിനി വാൻ (കുറഞ്ഞത് 10 മുതൽ 12 വരെ ആളുകൾക്ക് സഞ്ചരിക്കാൻ തക്കവണ്ണം) | 10.00 | ഡി.പി.ആർ ലഭിച്ചിട്ടില്ല |